ഉത്തരം

(എ) ഏലത്തൂർ നിയോജക മണ്ഡലത്തിൽ ആസ്തി വികസന പദ്ധതിയുടെ കീഴിൽ നാളിതുവരെ 930.50 ലക്ഷം അടങ്കൽ വരുന്ന 7 പ്രവർത്തികൾക്ക് ധനാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതി സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

കടപ്പത്രം പുറപ്പെടുവിച്ചുകൊണ്ട് സംസ്ഥാനം സമാഹരിച്ച പണം

162 (508) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പ് സാമ്പത്തിക വർഷം കടപ്പത്രം പുറപ്പെടുവിച്ചുകൊണ്ട്, വികസന പ്രവർത്തനങ്ങളുടെ മറവിൽ സംസ്ഥാനം സമാഹരിച്ച പണം എത്ര കോടി രൂപയാണ് ; ഏതെങ്കിലും വികസന പ്രവർത്തനത്തിനായി ഈ പണം വിനിയോഗിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(ബി) നടപ്പ് സാമ്പത്തിക വർഷം ലക്ഷ്യമിട്ട മൂലധന ചെലവ് എത്ര കോടിയായിരുന്നു ; ഇതിനകം എത്ര കോടി രൂപയുടെ വികസന ചെലവുണ്ടായി ; വ്യക്തമാക്കുമോ;

(സി) ഈ സർക്കാരിന്റെ മുൻ സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ ലക്ഷ്യമിട്ട മൂലധന ചെലവും യഥാർത്ഥ മൂലധന ചെലവും സംബന്ധിച്ച് വിശദമാക്കാമോ ?

ഉത്തരം

(എ) നടപ്പു സാമ്പത്തിക വർഷം 2015 ഫെബ്രുവരി 28 വരെ 12200 കോടി രൂപ കടപ്പത്രം മുഖേന സമാഹരിച്ചിട്ടുണ്ട്. ഇത്തരത്തിൽ ലഭിച്ച മുഴുവൻ തുകയും Consolidated fund-ൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. Consolidated fund-ൽ മറ്റ് വരുമാനങ്ങളും ഉൾപ്പെടുന്നതുകൊണ്ട് ഇത്തരത്തിൽ എടുത്ത തുക ഏതൊക്കെ പദ്ധതികൾക്കായി എത്രത്തോളം വിനിയോഗിക്കപ്പെട്ടിട്ടുണ്ടെന്ന് വേർതിരിക്കാനാവില്ല.

(ബി) നടപ്പു സാമ്പത്തിക വർഷം ലക്ഷ്യമിട്ട മൂലധന ചെലവ് 6636.38 കോടി രൂപയാണ്. അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം നടപ്പുസാമ്പത്തിക വർഷം ജനുവരി 31 വരെ 32724.68 കോടി രൂപയുടെ വികസന ചെലവുണ്ടായി.

(സി) 2013-14 സാമ്പത്തിക വർഷം ലക്ഷ്യമിട്ടിരുന്ന മൂലധന ചെലവ് 8635.03 കോടി രൂപയും യഥാർത്ഥ കണക്കുകൾ അനുസരിച്ച് ചെലവ് 4294.33 കോടി രൂപയുമാണ്.

LIBRARY ARCHIVES Kerala Legislative Assembly